സാമൂഹ്യ നീതി വകുപ്പ് - കേരള സർക്കാർ
ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് മൂന്നാം നില മിനി സിവിൽ സ്റ്റേഷൻ
മഞ്ചേരി, മലപ്പുറം ജില്ല,കേരളം
PH:04833-2978888, Email: dcpumpm@gmail.com

നമ്പർ ഡി.സി.പി.യു(എം.പി.എം)766/2017 തിയ്യതി:02-06-2017

## വിജ്ഞാപനം

സാമൂഹ്യ നീതി വകുപ്പ്- ഐ.സി.പി.എസ് പദ്ധതി പ്രകാരം- ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിൽ നിയമവുമായി **(Children in Conflict with Law-CCL)** പൊരുത്തപ്പെടാത്ത കുട്ടികൾക്ക് മനശാസ്ത്രപരമായ പരിരക്ഷയും പിന്തുണയും നൽകി സ്വഭാവ പരിവർത്തനം സാധ്യമാക്കി ശരിയായ സാമൂഹ്യ ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ബാഗ്ലൂർ **NIMHANS** ന്റെ സഹകരണത്തോടെ ആരംഭിച്ചിട്ടുള്ള കാവൽ പദ്ധതി യിലേക്ക് സഹകരിച്ചു പ്രവർത്തിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അനുയോജ്യരായ സന്നദ്ധ സംഘടനകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. ജില്ലയിലേക്ക് രണ്ട് സന്നദ്ധ സംഘടനകളെയാണ് തെരഞ്ഞെടുക്കുന്നത്.

മാനദണ്ഡങ്ങൾ

1 അപേക്ഷിക്കുന്ന സംഘടന 1955 ലെ തിരുവിതാകൂർ - കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്ട്രേഷൻ ആക്ട്, എന്നിവയിൽ ഏതെങ്കിലും ഒന്ന് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കണം.

അല്ലങ്കിൽ

MSW, BSW കോഴ്സുകൾ നടത്തുന്ന അകാഡമിക് സ്ഥാപനങ്ങളുടെ ഔട്ട് റീച്ച് സംവിധാനമായിരിക്കണം.

2 സാമൂഹ്യ നീതി വകുപ്പിന്റെ അക്രഡിറ്റേഷൻ ലഭിച്ച സന്നദ്ധ സംഘടനയായിരിക്കണം

അല്ലങ്കിൽ

കുട്ടികളുടെ പുനരധിവാസ മേഘലയിൽ രണ്ട് വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയമുള്ള സംഘടനയായിരിക്കണം.

3 നിയമവുമായി പൊരുത്തപെടാത്ത കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കാനുള്ള സന്നദ്ധതയുള്ള സംഘടനയായിരിക്കണം.

4 നിയമപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി നിലവിലുണ്ടായിരിക്കണം.

5 ഈ പദ്ധതി ഏറ്റെടുത്ത് നടത്താനുള്ള സാമ്പത്തിക ഭദ്രതയുള്ള സംഘടനയായിരിക്കണം.

അപേക്ഷിക്കുന്ന സന്നദ്ധ സംഘടനകൾ സംഘടനാ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പി, കഴിഞ്ഞ രണ്ട് വർഷത്തെ ഓഡിറ്റ് സ്റ്റേറ്റ്മെന്റ് ഓഫ് അകൗണ്ട്സ്, ഭരണ റിപ്പോർട്ട് എന്നിവ സഹിതം 2017 ജൂൺ 30 ന് അകം ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫിസർ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, മൂന്നാം നില, മിനിസിവിൽ സ്റ്റേഷൻ മഞ്ചേരി, മലപ്പുറം- **676121** എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

വൈകി ലഭിക്കുന്നതും അപൂർണ്ണമായതും, നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് മലപ്പുറം ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുമായി ബന്ധപ്പെടുക. ഫോൺ നമ്പർ 0483-2978888, ഇ മെയിൽ അഡ്രസ്സ്: **dcpumpm@gmail.com**

2/6/2017

ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ

മലപ്പുറം

DISTRICT CHILD PROTECTION OFFICER
MANJERI, MALAPPURAM DT.

DISTRICT CHILD PROTECTION UNIT ★ MINI CIVIL STATION ★ MANJERI P.O, MALAPPURAM DT. - 676 121
Date.......